# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 182** — **26.9.2011 ന് മറുപടിയ്ക്ക്**

ഓണക്കാലത്തെ വിലക്കയറ്റ നിയന്ത്രണം

ചോദ്യം — ഉത്തരം

ശ്രീ. കെ. വി. വിജയദാസ് — ശ്രീ.റ്റി.എം.ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) ഓണക്കാലത്ത് വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയതിൽ നിന്ന് വ്യത്യസ്തമായി എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ; | (എ) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റ് ഇടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി. നിലവിലുള്ള വിൽപ്പനശാലകൾക്ക് പുറമെ ഓണക്കാലത്ത് എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രത്യേക ഓണച്ചന്തകൾ/ഫെയറുകൾ ആരംഭിച്ചു. ഇത്തരം പ്രത്യേകചന്തകൾ വഴിയും വിൽപ്പനശാലകൾവഴിയും മിതമായ വിലകൾക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ചതു വഴി ഓണക്കാലത്ത് ഉണ്ടായേക്കാവുന്ന വിലക്കയറ്റം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>വിലക്കയറ്റത്തിൽ നിന്ന് മോചനം ലഭിക്കാൻ സംസ്ഥാനത്തെ മുഴുവൻ ബി.പി.എൽ/എ.എ.വൈ കാർഡുടമകൾക്കും 45 ലക്ഷത്തിൽപ്പരം എ.പി.എൽ കാർഡുടമകൾക്കും രണ്ട് രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്തു. കൂടാതെ സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 2011 സെപ്തംബർ 1 മുതൽ ബി.പി.എൽ കുടുംബങ്ങൾക്ക് കിലോഗ്രാമിന് 1/- രൂപാ നിരക്കിൽ 25 കിലോഗ്രാമും |

| | |
|---|---|
| | എ.എ.വൈ വിഭാഗത്തിൽപ്പെടുന്നവർക്ക് 35 കിലോഗ്രാമും വീതം അരി വിതരണം ചെയ്യുന്ന പദ്ധതി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. ബി.പി.എൽ/ എ.എ.വൈ കുടുംബങ്ങൾക്ക് സപ്ലൈകോ വഴി നിത്യോപയോഗ സാധനങ്ങൾ അടങ്ങിയ സൗജന്യകിറ്റുകൾ വിതരണം ചെയ്തു. ഓണക്കാലത്ത് എ.എ.വൈ/ ബി.പി.എൽ/ എ.പി.എൽ വ്യത്യാസമില്ലാതെ എല്ലാ കാർഡുടമകൾക്കും ഒരു കിലോ പഞ്ചസാര 13 രൂപ 50 പൈസ നിരക്കിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.<br>മുൻ വർഷത്തേതിൽ നിന്ന് വ്യത്യസ്തമായി 2011 ൽ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ 14 ജില്ലാ ആസ്ഥാനങ്ങളിലും, 140 നിയോജക മണ്ഡലങ്ങളിലും വിപുലമായ ഓണം വിപണനമേളകൾ നടത്തി. |
| (ബി)ഓണക്കാലത്ത് കഴിഞ്ഞ സർക്കാർ എത്ര ഓണച്ചന്തകൾ നടത്തിയിരുന്നു; ഈ സർക്കാർ എത്ര ഓണച്ചന്തകളാണ് നടത്തിയിരുന്നത്? | (ബി) 2010 ഓണക്കാലത്ത് 144 പ്രത്യേക ചന്തകൾ/ഫെയറുകൾ നടത്തിയ സ്ഥാനത്ത് ഈ വർഷം 152 ഓണച്ചന്തകൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയിരുന്നു. ഇതിനു പുറമേ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 1359 വിൽപ്പന ശാലകളും ഓണം മിനി ഫെയറുകളായും പ്രവർത്തിച്ചിരുന്നു.<br><br>സെക്ഷൻ ഓഫീസർ |